## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതി വേതന വിതരണത്തിൽ കുടിശ്ശിക

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 297

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി കെ. കെ. ലതിക<br>ശ്രീ. എം. ചന്ദ്രൻ<br>,, ബാബു എം. പാലിശ്ശേരി<br>,, എസ്. രാജേന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ വേതന വിതരണത്തിൽ കുടിശ്ശിക യുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പ് സാമ്പത്തിക വർഷം 21.01.2014 വരെ 182.03 കോടി രൂപയാണ് വേതന വിതരണത്തിൽ കുടിശ്ശികയായുള്ളത്. |
| (ബി) | ഇതു സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിന് നോട്ടീസ് അയച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വേതന വിതരണത്തിൽ കുടിശ്ശിക വരുവാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ചെയ്യുന്ന ഏതൊരു തൊഴിലാളിക്കും പ്രവൃത്തിയിൽ ഏർപ്പെട്ട് 7 ദിവസങ്ങൾക്കകമോ, പരമാവധി 14 ദിവസങ്ങൾക്കുള്ളിലോ, വേതനം വിതരണം നടത്തേണ്ടതാണെന്ന് ദേശീയ തൊഴിലുറപ്പ് നിയമം 2005 അനുശാസിക്കുന്നുണ്ട്. വേതന നിർണ്ണയത്തിലേക്കും വേതന വിതരണത്തിലേക്കും നയിക്കുന്ന പ്രക്രിയയുടെ വിവിധഘട്ടങ്ങളിൽ ഉണ്ടാകുന്ന കാലതാമസമാണ് വേതന വിതരണം വൈകുന്നതിന് ഇടയാകുന്ന സാഹചര്യം സൃഷ്ടിക്കുന്നത്. |

സെക്ഷൻ ഓഫീസർ